15) മൃതദേഹങ്ങൾ മറവ് ചെയ്യുന്നതിനായി ഉണ്ടാക്കുന്ന ശവക്കുഴികൾ 150 സെ.മീ.കുറയാത്ത ആഴം ഉണ്ടായിരിക്കേണ്ടതാണ്.

16) മൃതദേഹങ്ങൾ മറവ് ചെയ്യുന്നതിന് ഉണ്ടാക്കിയ കുഴികൾ നിർമ്മിക്കുന്നതിനുള്ള അകലം 60 സെ.മീ.കുറവായിരിക്കാനും പാടുള്ളതല്ല.

17) ശവക്കല്ലറകളിൽ മൃതദേഹം മറവു ചെയ്തു കഴിഞ്ഞാൽ അതിനു മുകളിൽ മരണപ്പെട്ട ആളുടെ ഓർമ്മക്ക് തിരിച്ചറിയലിനോ എന്തെങ്കിലും സ്മാരകമോ രേഖപ്പെടുത്തലോ ശിലാസ്ഥാപനമോ നടത്തുന്നതിന് ബന്ധുക്കൾക്കോ അവകാശികൾക്കോ യാതൊരു അവകാശവും ഉണ്ടായിരിക്കുന്നതല്ല. എന്നാൽ ഓരോ ശവക്കല്ലറയും തിരിച്ചറിയുന്നതിനും അടക്കിയ മൃതദേഹങ്ങളെ സംബന്ധിച്ച വിവരം അറിയുന്നതിന് ആവശ്യമായ സംവിധാനങ്ങൾ സെക്രട്ടറിയുടെ അനുമതിയോടെ ഏർപ്പെടുത്തേണ്ടതാണ്.

18) ശവക്കല്ലറകളിലോ ശവക്കുഴികളിലോ അടക്കിയ മൃതശരീരങ്ങൾ മജിസ്ട്രേറ്റിന്റെ രേഖാമൂലമുള്ള ഉത്തരവ് പ്രകാരം മെഡിക്കൽ പരിശോധനക്ക് പുറത്തെടുക്കുകയും പരിശോധന നടത്തേണ്ടതായും വരുന്ന സംഗതികളിൽ അപ്രകാരമുള്ള പരിശോധന നടത്തുന്നതിന് പ്രത്യേകമുണ്ടാക്കിയ അറക്കുള്ളിൽ തത്സമയം അധികാരപ്പെടുത്തിയവരൊഴികെ ആർക്കും പ്രവേശിക്കാൻ പാടില്ലാത്തതാണ്.

19) ശ്മശാനങ്ങളിലോ ശവപ്പറമ്പിലോ മറവ് ചെയ്യുന്നതിനോ ദഹിപ്പിക്കുന്നതിനോ കൊണ്ടുവരുന്ന മൃതദേഹങ്ങൾ പെട്ടിക്കുള്ളിലാക്കിയോ മൃതദേഹങ്ങൾ യഥാവിധി വസ്ത്രങ്ങളാൽ ആവരണം ചെയ്യപ്പെട്ടോ ആയിരിക്കേണ്ടതാണ്.

20) പൊതു നിരത്തിൽ കൂടി മൃതദേഹങ്ങൾ കൊണ്ടുപോകുന്നത് ഗതാഗത തടസ്സമാകാത്ത വിധത്തിൽ ആയിരിക്കേണ്ടതാണ്.

21) കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ പരിധിയിലേയും പരിസര പഞ്ചായത്തുകളിലേയും ജനങ്ങൾക്ക് പൊതുവായി ഉപയോഗിക്കുന്നതിനായി ഉദ്ദേശിക്കുന്ന ഈ ശ്മശാനം ജാതി മത വർഗ്ഗ വിവേചനമില്ലാതെ എല്ലാവർക്കും ഉപയോഗപ്പെടുത്താവുന്നതാണ്.

22) നിർദ്ദേശിക്കപ്പെട്ട പൊതു ശ്മശാനങ്ങൾ നഗരസഭയുടെ പൊതു സ്വത്തായിരിക്കുന്നതാണ്.

23) പൊതു ശ്മശാനങ്ങളുടെ സംരക്ഷണത്തിനായി ആരോഗ്യ സ്ഥിരം സമിതി ചെയർമാൻ, ചെയർമാനും, വാർഡ് കൗൺസിലർ വൈസ് ചെയർമാനും വാർഡിന്റെ ചാർജുള്ള എച്ച്.ഐ. കൺവീനറായും പ്രാദേശിക, രാഷ്ട്രീയ, സാംസ്കാരിക രംഗത്തെ പ്രമുഖർ ഉൾപ്പെട്ട 9 അംഗ കമ്മിറ്റിയെ കൗൺസിൽ നിയമിക്കുന്നതാണ്.

24) പരേത/പരേതന്റെയും, മൃതദേഹം കൊണ്ടുവരുന്ന വ്യക്തിയുടേയും ഫോട്ടോ പതിച്ച ഏതെങ്കിലും തിരിച്ചറിയൽ രേഖ ഹാജരാക്കേണ്ടതാണ്.

25) മൃതദേഹം സംസ്ക്കരിക്കുന്നതിനുള്ള സമയം കാലത്ത് 8 മണി മുതൽ രാത്രി 9 മണി വരെ ആയിരിക്കുന്നതും ആയതിന് ശേഷം വരുന്ന അപേക്ഷകൾക്ക് പ്രത്യേക അനുമതി ഉത്തരവാദപ്പെട്ടവരിൽ നിന്നും ലഭ്യമാക്കേണ്ടതാണ്.

26) ശ്മശാനത്തിൽ മൃതദേഹം സംസ്ക്കരിക്കുന്നതിനുള്ള ഫീസ് കാലാകാലം കൗൺസിൽ നിശ്ചയിച്ചിരിക്കുന്നതാണ്. നിശ്ചിത ഫീസ് അടച്ചതിന് ശേഷം മാത്രമേ മൃതദേഹം സംസ്ക്കരിക്കുകയുള്ളൂ.

Scanned by CamScanner